**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

**സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്  വെള്ളനാട് ബ്ലോക്ക്**

**പൂവച്ചൽ പഞ്ചായത്ത്**

**വാർഡ് 17 തോട്ടമ്പറ**

അടിസ്ഥാന വിവരങ്ങൾ :

സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവൃത്തികൾ : 6

സോഷ്യൽ ഓഡിറ്റ് പീരീഡ്  :  2018 ഒക്ടോബർ 1മുതൽ 2019 മാർച്ച് 31 വരെ

പ്രവൃത്തികൾ :

1.  WC/33 79 45

തോട്ടമ്പറ  വാർഡിൽ തെക്കേ വീട് മുതൽ കുഴലാർ  മേഖലയിൽ മണ്ണ് ജല സംരക്ഷണം.

2..  WC/ 32 6462

തോട്ടമ്പറ  വാർഡിൽ ദുർബല വിഭാഗത്തിൽപ്പെട്ട  തെക്കേ  വീടു മുതൽ നടു വീട് മേഖല വരെയുള്ള വ്യക്തികളുടെ വസ്തുവിൽ ഭൂവികസന പ്രവർത്തികൾ ചെയ്യുക.

3. RC / 33 65 04

തോട്ടമ്പറ വാർഡിൽ കമ്പോസ്റ്റ് പിറ്റ് നിർമ്മാണം.

4.WC/ 33 79 46

തോട്ടമ്പറ  വാർഡിൽ കോളനി മുതൽ കുഴലാർ  മേഖലയിൽ

മണ്ണ് ജലസംരക്ഷണം.

5   WC/ 32 64 62

തോട്ടമ്പറ  വാർഡിൽ ദുർബല വിഭാഗത്തിൽപ്പെട്ട തെക്കേ വീടു മുതൽ കുഴൽ ആർ മേഖല വരെയുള്ള വ്യക്തികളുടെ വസ്തുവിൽ ഭൂവികസനം.

6    RS / 34 49 23

തോട്ടമ്പറ  വാർഡിൽ കമ്പോസ്റ്റ് പിറ്റ് നിർമ്മാണം.1.പദ്ധതിയുടെ പേര് തോട്ടമ്പറ വാർഡിൽ തെക്കേ വീട് മുതൽ കുഴലാർ മേഖലയിൽ മണ്ണ് ജലസംരക്ഷണം

**പരിശോധന വിവരങ്ങൾ**

☑വർക്ക് കോഡ് : W C/ 33 79 45

☑അടങ്കൽ തുക: 400000

☑ചിലവായ തുക :388056

☑ആകെ തൊഴിൽദിനങ്ങൾ:1406☑പ്രവർത്തി ആരംഭിച്ചത് :16- 1 - 2019
☑പ്രവർത്തഅവസാനിച്ചത് :10/3/2019

ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ

കവർപേജ്, ചെക്ക് ലിസ്റ്റ്, ആക്ഷൻ പ്ലാൻ കോപ്പി, വർക്ക് ലൊക്കേഷൻ, ഫോൺ എസ്റ്റിമേറ്റ് ഡ്രോയിങ് ആൻഡ് ഡിസൈൻ, ജിയോ ടാഗ് ഫോട്ടോഗ്രാഫ് എന്നീ രേഖകൾ ഫയൽ ഇല്ലായിരുന്നു

AS/ Ts & f TO എന്നിവ AMC പ്രകാരം ആയിരുന്നില്ല

ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ

എസ്റ്റിമേറ്റ് പ്രകാരം കാണേണ്ടവ

റയിൻ പിറ്റ്  - 75

ഫോർമേഷൻ ഓഫ് ഡ്രയിൻ - 35

എർത്ത് ബണ്ട് - 53

സ്റ്റോൺ ബണ്ട് - 50

ഇത്തരം പ്രവർത്തികൾ ആണ് കാണേണ്ടത്

എന്നാൽ ഫീൽഡ് പരിശോധനയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ഒരു 10% പോലും കാണാൻ കഴിഞ്ഞില്ല. ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത് സുരേഷ് എന്ന വ്യക്തിയുടെ 30 സെൻറ് പുരയിടത്തിലും, സത്യദാസ് എന്ന വ്യക്തിയുടെ 1ഏക്കർ പുരയിടത്തിലുമാണ്. രണ്ടു പുരയിടത്തിലും ആയി പണകൾ , വാഴകുഴി, തെങ്ങിന് തടം പ്ലാറ്റ്ഫോം വെട്ടൽ എന്നീ പ്രവർത്തനങ്ങളാണ് ചെയ്തിരിക്കുന്നത് സുരേഷ് എന്ന വ്യക്തിയുടെ പുരയിടത്തിൽ മണ്ണ് കയ്യാല ഒന്നും വേർതിരിച്ചറിയാൻ കഴിയാത്ത നിലയിൽ മണ്ണ് നികന്ന നിലയിലാണ്

സത്യ ദാസിനെ പുരയിടത്തിലും ഇതേ പ്രവർത്തികൾ തന്നെയാണ് ചെയ്തിരിക്കുന്നത് അവിടെ 30 മീറ്റർ length ഉം

ഒരു മീറ്റർ വീതിയുമുള്ള ഒരു എർത്ത് ബണ്ട് കാണാൻ സാധിച്ചു. ഇതേ പുരയിടം കഴിഞ്ഞവർഷവും ഈ വർഷവും തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നടത്തിയിരുന്നു എന്നാൽ അതിൻറെ യാതൊരു ആസ്തിയും അവിടെ കാണാൻ കഴിഞ്ഞില്ല.

പ്രവൃത്തി 2

പദ്ധതിയുടെ പേര് :-

തോട്ടമ്പറ വാർഡിൽ

ദുർബല വിഭാഗത്തിൽപ്പെട്ട തെക്കേ വീട് മുതൽ നടു വീട് മേഖല വരെയുള്ള വ്യക്തികളുടെ വസ്തുവിൽ ഭൂവികസന പ്രവർത്തികൾ ചെയ്യുക.

വർക്ക് കോഡ് :-

WC/ 32 64 54

അടങ്കൽ തുക :- ₹ 300000

ചിലവായ തുക :- ₹ 28 6764

ആകെ തൊഴിൽദിനം :- 1039

പ്രവർത്തി ആരംഭിച്ചത് :-12 /10 /2018

പ്രവർത്തി അവസാനിച്ചത് : 03 /12 /2018

ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ

കവർപേജ്, ചെക്ക് ലിസ്റ്റ്, ആക്ഷൻ പ്ലാൻ കോപ്പി, വർക്ക് അലോക്കേഷൻ ഫോം, എസ്റ്റിമേറ്റ്ഡ്രോയിങ് ആൻഡ് ഡിസൈൻ, ജിയോ ടാഗ് ഫോട്ടോഗ്രാഫ് എന്നിവ ഫയലിൽ ഇല്ലായിരുന്നു. ഫണ്ട് ട്രാൻസ്ഫർ ഓർഡർ, അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ, ടെക്നിക്കൽ സംക്ഷൻ എന്നിവ എം സി പ്രകാരം ആയിരുന്നില്ല.

ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ

എസ്റ്റിമേറ്റ് പ്രകാരം കാണേണ്ടത്

- മഴക്കുഴി - 50

ഡ്രയിൻ : 8

• • എർത്ത് ബണ്ട് :- 47

ഫയൽ പരിശോധനയിൽ ആറു വ്യക്തികളുടെ പുരയിടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കി യിരിക്കുന്നതെന്ന് തെളിയിക്കുന്ന കരം തീരുവ ഉൾപ്പെടെയുള്ള രേഖകൾ ഉണ്ടായിരുന്നു.

എന്നാൽ ഫീൽഡ് പരിശോധനയിൽ മനസ്സിലായത് ആകെ രണ്ടു പേരുടെ പുരയിടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത് സജി കുമാറിൻറെ 75 സെൻറ് പുരയിടം

രാഖി അനിൽകുമാർ 35 സെൻറ് പുരയിടത്തിലും ആയിട്ടാണ് പ്രവർത്തി നടന്നിരിക്കുന്നത് ഇതിൽ സജികുമാർ ഫയലിൽ ഉൾപ്പെടുന്ന വ്യക്തിയും

രാഖി അനിൽകുമാർ ഫയലിൽ ഉൾപ്പെടാത്ത വ്യക്തിയുമാണ്. റബ്ബർ ന് പ്ലാറ്റ്ഫോം വെട്ടൽ,

തെങ്ങിന് തടം എടുക്കൽ വാഴ ക്കുഴി, മരിച്ചിനി നട്ടു, എന്നീ പ്രവർത്തനങ്ങളാണ് ഈ രണ്ടു പുരയിടത്തിലും ആയി ചെയ്തിരിക്കുന്നത്

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ പൂർണമായിരുന്നില്ല.

നിലവിൽ ഈ വസ്തുവിലേക്ക് പ്രവേശിക്കാനുള്ള വഴിപോലും വ്യക്തമാകാത്ത രീതിയിൽ ഒരാൾ പൊക്കത്തിൽ കാടുമൂടിയ നിലയിലായിരുന്നു അതിനാൽതന്നെ പുരയിടത്തിന് ഉള്ളിലേക്ക് പ്രവേശിച്ചു പ്രവർത്തികൾ ഒന്നും നേരിട്ട് കണ്ട് ബോധ്യപ്പെടാൻ കഴിഞ്ഞില്ല.

3.പദ്ധതിയുടെ പേര് : തോട്ടമ്പറ വാർഡിൽ കമ്പോസ്റ്റ് പിറ്റ് നിർമ്മാണം

☑വർക്ക് കോഡ് : RS/ 33 65 0 4

☑അടങ്കൽ തുക : 1,50000/-

☑ചിലവായ തുക :1,45,728/-

☑ആകെ തൊഴിൽദിനം :528

☑പ്രവർത്തി ആരംഭിച്ചത് :12/10/2018

☑പ്രവർത്തി അവസാനിച്ചത് : 19/12/2018

ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ

കവർപേജ് ചെക്ക് ലിസ്റ്റ്, ആക്ഷൻ പ്ലാൻ കോപ്പി, വർക്ക് അലോക്കേഷൻ ഫോം, ജിയോ ടാഗ് ഫോട്ടോഗ്രാഫ് എന്നീ രേഖകൾ ഫയൽ ഇല്ലായിരുന്നു

ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ എസ്റ്റിമേറ്റ് പ്രകാരം കാണേണ്ടവ

കമ്പോസ്റ്റ് പിറ്റ് -15

നീളം: 2 മീറ്റർ

വീതി : 1.5 മീറ്റർ

ആഴം : 1.2 മീറ്റർ

ഫീൽഡ് പരിശോധനയിൽ 6 പേരുടെ പുരയിടത്തിൽ ആയി 15 കമ്പോസ്റ്റ് പിറ്റ് കാണാൻ കഴിഞ്ഞു. അതിൽ നാലുപേരുടെ പുരയിടത്തിൽ ഓരോ കമ്പോസ്റ്റ് പിറ്റും,(ദിവാകരൻ, തങ്കരാജ്, ഗിരിജ റാഫി )

ലതികയുടെ പുരയിടത്തിൽ 4 കമ്പോസ്റ്റ് പിറ്റ് , വസന്തയുടെ പുരയിടത്തിൽ 7 കമ്പോസ്റ്റ് പിറ്റ് കളുമാണ് കാണാൻ കഴിഞ്ഞത്. ഇതിൽ നാലെണ്ണം മാത്രമാണ് എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിൽ കാണാൻ കഴിഞ്ഞത് എന്നാൽ പ്രധാനമായ ഒരു കണ്ടെത്തൽ മറ്റൊന്നാണ് തോട്ടം പറ വാർഡിൽ മൊത്തത്തിൽ 100 കമ്പോസ്റ്റ് പിറ്റ് ഗ്രൂപ്പുകളായി തിരിഞ്ഞ് ചെയ്തിട്ടുണ്ട് എന്നാൽ ഇവ ഏതു പദ്ധതി പ്രകാരമാണ് ചെയ്തിരിക്കുന്നതെന്ന് മേറ്റിന് കൃത്യമായ അറിവുണ്ടായിരുന്നില്ല

ഈ നൂറിൽ , 15 കമ്പോസ്റ്റ് പിറ്റാണ് കാണാൻ കഴിഞ്ഞത് എന്നാൽ അത് ഈ പദ്ധതിപ്രകാരംഉള്ളതാണോ എന്നതിനെക്കുറിച്ച് കൃത്യമായ തെളിവില്ല

പ്രവൃത്തി 4

പദ്ധതിയുടെ പേര് :-

തോട്ടം പറ വാർഡ് കോളനി മുതൽ കുഴൽ ആർ മേഖലയിൽ മണ്ണ് ജലസംരക്ഷണം.

വർക്ക് കോഡ് :- WC/ 33 79 46

അടങ്കൽ തുക :- ₹ മൂന്നുലക്ഷം

ചിലവായ തുക:- ₹ 28 78 68

ആകെ തൊഴിൽദിനം :- 1043

പ്രവർത്തി ആരംഭിച്ചത് :-15/ 1/19

പ്രവർത്തി അവസാനിച്ചത് :-13 /3/ 19

ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ

കവർപേജ്, ചെക്ക് ലിസ്റ്റ്, ആക്ഷൻ പ്ലാൻ കോപ്പി, വർക്ക് അലോക്കേഷൻ ഫോം, ജിയോ ടാഗ് ഫോട്ടോഗ്രാഫ് എന്നീ രേഖകൾ ഫയൽ ഇല്ലായിരുന്നു.

ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ

എസ്റ്റിമേറ്റ് പ്രകാരംകാണേണ്ടവ

- റെയിൻ പിറ്റ് :- 75
- ഫോർമേഷൻ ഓഫ് drain

19, 16

ഫീൽഡ് പരിശോധനയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികളിൽ

50 ശതമാനം പോലും കഴിഞ്ഞില്ല വിള വൃത്തിയാക്കൽ എല്ലാം ഇപ്പോൾ കാടുപിടിച്ച് നിലയിലാണ്

മഴക്കുഴികൾ പലതും മണ്ണ് നിറഞ്ഞു മൂടപ്പെട്ട അവസ്ഥയിലും കൃത്യമായ അളവുകളിലല്ലാതെ

കാണാൻ കഴിഞ്ഞു. കഴിഞ്ഞ തവണ പ്രവർത്തി ചെയ്തിരിക്കുന്ന പുരയിടങ്ങൾ തന്നെ ഈ വർഷവും പ്രവർത്തി ചെയ്തിരിക്കുന്നതായി കണ്ടു

ഫയൽ രേഖകൾ (കരം തീർത്ത രസീത് ഉണ്ടായിരുന്നു)പ്രകാരമുള്ള ഭൂവുടമകളെ തിരിച്ചറിയാൻ മേറ്റ്ന് കഴിഞ്ഞിരുന്നില്ല

ഒരു വ്യക്തിയുടെ 25 സെൻറ് വസ്തുവിൽ 15 കുഴികൾ ഉണ്ടായിരുന്നത് കമ്പോസ്റ്റ് പിറ്റ് ആണോ മഴക്കുഴി ആണോ എന്ന് തിരിച്ചറിയാൻ കഴിഞ്ഞില്ല, അത്തരത്തിൽ ഉള്ള കുഴികളായിരുന്നു അവ, കുഴി എടുത്താൽ മതി എന്ന നിർദ്ദേശമാണ് കിട്ടിയിട്ടുള്ളത് എന്ന് മേറ്റ് ൽ നിന്ന് അറിയാൻ കഴിഞ്ഞു. പ്രവർത്തി ഏതാണെന്ന് പോലും മാറ്റിന് തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയിലായിരുന്നു.

5.പദ്ധതിയുടെ പേര്: തോട്ടമ്പറവാർഡിൽ ദുർബല വിഭാഗത്തിൽപ്പെട്ട തെക്കേ വീടു മുതൽകുഴലാർ മേഖല വരെയുള്ള വ്യക്തികളുടെ വസ്തുവിൽ ഭൂവികസനം

☑വർക്ക് കോഡ്: WC/ 32 64 62

☑അടങ്കൽ തുക: 300000

☑ചിലവായ തുക: 2806 92

☑ആകെ തൊഴിൽദിനം 1017

പ്രവർത്തി ആരംഭിച്ചത് 12/18/19

പ്രവർത്തി അവസാനിച്ചത്: 6/12/18

ഫയൽ പരിശോധനയിൽ AMC പ്രകാരമുള്ള രേഖകൾ പൂർണമായിരുന്നില്ല. കവർപേജ്, ചെക്ക് ലിസ്റ്റ്, ആക്ഷൻ പ്ലാൻ കോപ്പി, വർക്ക് അലോക്കേഷൻ ഫോം, ജിയോ ടാഗ് ഫോട്ടോഗ്രാഫ് എന്നീ രേഖകൾ ഫയലിൽ ഇല്ലായിരുന്നു.

ഫീൽഡ് പരിശോധനയിൽ എസ്റ്റിമേറ്റ് പ്രകാരം കാണേണ്ടവ

☑റെയിൻ പിറ്റ് - 50

നീളം - 1.5

വീതി - 1.5

ആഴം - 1

☑ഫോർമേഷൻ ഓഫ് ഡ്രയിൻ 35

☑എർത്ത് ബണ്ട് - 40

ഫീൽഡ് പരിശോധനയിൽ ഒരു വ്യക്തിയുടെ പുരയിടത്തിൽ വിള വൃത്തിയാക്കൽ, തെങ്ങിന് തടം , വാഴ നടൽ എന്നിവയാണ് ചെയ്തിരിക്കുന്നതായി കാണാൻ കഴിഞ്ഞത്. ഒരേക്കർ പുരയിടത്തിൽ റബ്ബറിന് പ്ലാറ്റ്ഫോം ചെയ്തതായി കണ്ടു

നിലവിൽ ഇപ്പോൾ അത് കാടുപിടിച്ച് അവസ്ഥയിലാണ്.

മഴക്കുഴി 10 എണ്ണം കാണാൻ സാധിച്ചു.അളവുകൾ കൃത്യമല്ലായിരുന്നു (1മീറ്റർ +1മീറ്റർ +.5 മീറ്റർ)തരിശുഭൂമിയെ കൃഷിയോഗ്യമാക്കിയതായി കാണാൻ കഴിഞ്ഞു. ഫയലിൽ ഉണ്ടായിരുന്ന സുകുമാരി എന്ന വ്യക്തിയെ തിരിച്ചറിയാൻ മേറ്റിന് കഴിഞ്ഞിരുന്നില്ല.

6.പദ്ധതിയുടെ പേര് :തോട്ടമ്പറ വാർഡിൽ കമ്പോസ്റ്റ് പിറ്റ് നിർമ്മാണം

☑വർക്ക് കോഡ് :RS/ 34 49 23

☑അടങ്കൽ തുക :1, 50000/-

☑ചിലവായ തുക :130080

☑ആകെ തൊഴിൽദിനം: 480

☑പ്രവർത്തി ആരംഭിച്ചത് : 24/12/18

☑പ്രവർത്തി അവസാനിച്ചത് : 3/2/19

ഫയൽ പരിശോധന കണ്ടെത്തലുകൾ

കവർപേജ്, ചെക്ക് ലിസ്റ്റ്, ആക്ഷൻ പ്ലാൻ കോപ്പി എന്നിവ ഫയലിൽ ഇല്ലായിരുന്നു. AS, TS & FTO എന്നിവ AMC പ്രകാരം ആയിരുന്നില്ല

ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ

എസ്റ്റിമേറ്റ് പ്രകാരം കാണേണ്ടവ

കമ്പോസ്റ്റ് പിറ്റ് : 20 എണ്ണം

നീളം : 1.5 മീറ്റർ

വീതി : 2 മീറ്റർ

ആഴം :1.2 മീറ്റർ

ഫീൽഡ് പരിശോധനയിൽ അറിയാൻ കഴിഞ്ഞത്. കഴിഞ്ഞവർഷം മൊത്തത്തിൽ 100 കമ്പോസ്റ്റ് പിറ്റ് എടുത്തിട്ടുണ്ട്. ഈ പദ്ധതിയിൽ ആകെ 5 കമ്പോസ്റ്റ് പിറ്റുകളാണ് എടുത്തതായി അറിയാൻ കഴിഞ്ഞത്

ഈ 5 കമ്പോസ്റ്റ് പിറ്റുകൾ എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിൽ തന്നെ ആയിരുന്നു.

ആകെ 10 തൊഴിലാളികൾ ചേർന്നാണ് കമ്പോസ്റ്റ് പിറ്റ് എടുത്തത്. ഏത് പദ്ധതി പ്രകാരമാണ് കമ്പോസ്റ്റ് പിറ്റ് നിർമിച്ചതെന്ന് മേറ്റിന് ഒരു വ്യക്തമായ ധാരണയും ഇല്ലായിരുന്നു

ഒരു വ്യക്തിയുടെ വസ്തുവിൽ 3 കമ്പോസ്റ്റ് എടുത്തതായി കാണാൻ കഴിഞ്ഞു അതിൽ രണ്ടെണ്ണം മൂടിയ നിലയിലായിരുന്നു

ഏതൊക്കെ മേറ്റുമാരാണ് ഏതൊക്കെ പ്രവർത്തികൾ ചെയ്തതെന്ന് അവർക്ക് തന്നെ അറിയില്ലായിരുന്നു. താൽക്കാലിക മേറ്റ് മാരാണ്

കമ്പോസ്റ്റ് നിർമ്മാണ പ്രവർത്തിയിൽ ഉണ്ടായിരുന്നത് എന്നാണ് അറിയാൻ കഴിഞ്ഞത്.

**⌛ ഡോർ ടു ഡോർ വെരിഫിക്കേഷൻ :പ്രധാന കണ്ടെത്തലുകൾ ⌛**

👉 ജോബ് കാർഡ് അറ്റൻഡൻസ് രേഖപ്പെടുത്തിയിരുന്നത് ശരിയായ രീതിയിൽ ആയിരുന്നില്ല കോളത്തി നുള്ളിൽ ഒരു വരയിട്ട( - ) രീതിയിൽ ആണ് അറ്റന്റൻസ് രേഖപ്പെടുത്തിയിരുന്നത് അങ്ങനെ ചെയ്യാനുള്ള നിർദ്ദേശം

പഞ്ചായത്തിൽ നിന്നും ലഭിച്ചു എന്നാണ് അറിയാൻ കഴിഞ്ഞത്

- WC/32 64 54

എന്ന പദ്ധതിയിലെ 29 /11 /2018 മുതൽ 5/ 12 /2018 എന്ന പിരീഡിൽ ഉൾപ്പെട്ട 34 94 9,

34 95 0, 34 95 1, എന്നീ നമ്പറുള്ള മറ്റൊരാളിൽ

എട്ടുപേരുടെ ഒപ്പുകൾ വെട്ടിക്കുറച്ച് ഇരിക്കുന്നതായി കാണാൻ സാധിച്ചു.

- WC/ 33 79 45 എന്ന നമ്പറിലുള്ള പദ്ധതിയിലെ 20/ 2/ 2019 മുതൽ 26 /2 /2019 എന്ന കാലയളവിനുള്ളിലെ 50 6 58 എന്ന് നമ്പറിലുള്ള ഒരു വ്യക്തിയുടെ നാല് ഒപ്പുകൾ വെട്ടിക്കുറച്ച് ഇരിക്കുന്നത് കാണാൻ സാധിച്ചു.
- ജോബ് കാർഡ് വെരിഫിക്കേഷന് 34 പേർ പങ്കെടുത്തു രണ്ടു ഓൺ കോയിൻ സൈറ്റുകളിൽ ആയി 49 തൊഴിലാളികളെയും കണ്ടു
- ഈ വാർഡിൽ തെങ്ങിൻ തൈ നടീൽ എന്ന പദ്ധതിക്കായി 20 തൊഴിലാളികളിൽ നിന്നും ആയിരം രൂപ വീതം പിരി ക്കുകയുണ്ടായി എന്നാൽ ഇതേവരെ ആ കാശ് തിരികെ ലഭിച്ചിട്ടില്ല
- ഫസ്റ്റ് എയ്ഡ് ബോക്സ്, ടാർപോളിൻ, കയ്യുറ, കാലുറ, ഇവയൊന്നും സൈറ്റിൽ ലഭ്യമല്ല അതിനാൽ തന്നെ തൊഴിലാളികൾ ഒത്തിരി ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി കാണാൻ സാധിച്ചു.
- സി ഐ ബി സ്ഥാപിക്കുന്നതിനായി മേറ്റ് കയ്യിൽ നിന്നും 3000 രൂപ ചെലവാക്കി എന്നാൽ ഇന്നേവരെ ആ കാശ് തിരികെ ലഭിച്ചിട്ടില്ല
- കമ്പോസ്റ്റ് നിർമ്മാണ പദ്ധതിയിൽ തൊഴിൽ ദിനം തികയാതെ വന്ന തൊഴിലാളികൾ പത്തുപേർ ചേർന്നാണ് 5 കമ്പോസ്റ്റ് പിറ്റ് നിർമ്മിച്ചത്.
- ഫീൽഡിൽ എന്തൊക്കെ യാണ് ചെയ്യേണ്ടതെന്ന് മേറ്റ് നോ തൊഴിലാളികൾക്കോ വ്യക്തമായ ധാരണഇല്ല
- ചെടി നടീൽ അവസാന 22 തൊഴിൽദിനം ഉണ്ടായിരുന്നുള്ളൂ അതിൽ 5 മഴക്കുഴി എടുത്തപ്പോൾ നൂറ് തൊഴിൽദിനം ലഭിച്ചു എന്നാണ് മേറ്റ് പറഞ്ഞത്.
- എസ്റ്റിമേറ്റ് ലുള്ള കമ്പോസ്റ്റ് പിറ്റ് പൂർണമായി കാണാൻ കഴിഞ്ഞിരുന്നില്ല.

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ -29/11/2019

വെള്ളനാട് ബ്ലോക്ക്

പൂവച്ചൽ ഗ്രാമപഞ്ചായത്ത്

തോട്ടമ്പറ വാർഡ് - കാട്ടക്കട ക്രിസ്ത്യൻ കോളേജ്

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട് :--

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കാട്ടക്കട ക്രിസ്ത്യൻ കോളേജ് ഹാളിൽ 3.30 PM ന് ആരംഭിച്ചു.

വാർഡ് മെമ്പർ ശ്രീ ദിനേശ്, ശ AE ശ്രീ മുനീർ, ഓവര്സീർ ശ്രീമതി ജാസ്മിൻ, VRP ഹരിഷ്മ, രജിത, വിജിൻ, പ്രവീൺ, , 73 തൊഴിലാളികൾ എന്നിവർ പങ്കെടുത്തു.

അജണ്ട

അധ്യക്ഷനെ തെരെഞ്ഞെടുക്കൽ : തൊഴിലാളികളിൽ നിന്നും 100 ദിവസം പൂർത്തിയാക്കിയ ശ്രീമതി മോഹനകുമാരിയെ തെരെഞ്ഞെടുത്തു. മൗനപ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. VRP വിജിൻ ഭരണഘടന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സ്വാഗതപ്രസംഗം ശ്രീ ദിനേശ് (മെമ്പർ ) പറഞ്ഞു. തുടർന്ന് സോഷ്യൽ ഓഡിറ്റിനെ പറ്റിയും 10 അവകാശങ്ങളെ പറ്റിയും VRP പ്രവീൺ തൊഴിലാളികൾക്ക് പറഞ്ഞു കൊടുത്തു. VRP രജിത കടമകൾ പറഞ്ഞു. തുടർന്ന് VRP ഹരിഷ്മ റിപ്പോർട്ട് അവതരിപ്പിച്ചു.

തുടർന്ന് ചർച്ച വേളയിൽ തൊഴിലാളികൾ അവരുടെ പ്രശ്നങ്ങൾ പങ്കുവച്ചു.

* അവസാനം ചെയ്ത തൊഴിലിന്റെ വേതനം 4 മാസമായി ലഭിച്ചില്ല.

* മുൻപ് ഫസ്റ്റ് എയ്ഡ്, ടാർപോളിൻ സൗകര്യങ്ങൾ ലഭിച്ചിരുന്നെങ്കിലും ഇപ്പോൾ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുന്നില്ല.

* തോട് പണി, ബ്രാഞ്ച് കനാൽ എന്നിവ ചെയ്തപ്പോൾ കൈയുറ, കാലുറ എന്നിവ ലഭ്യമാക്കിയില്ല.

* തൊഴിൽ സമയം 9 to 4 ആക്കണം

* തൊഴിൽ വേതനം കൂട്ടണം

* റോഡ് സൈഡിൽ വൃക്ഷതൈ നടുന്നത് സാമൂഹ്യ വിരുദ്ധർ പിഴുത് കളയുന്നു

* വിളപ്പണി ചെയ്യാൻ പോകുമ്പോൾ ഉടമസ്ഥർ എസ്റ്റിമേറ്റ് അനുസരിച്ച് ചെയ്യാൻ സമ്മതിക്കാറില്ല

തീരുമാനങ്ങൾ :

*കൃത്യമായി പണിക്ക് വരുന്നവർക്ക് 100 ദിവസത്തെ പണി നൽകാൻ കഴിയുമെന്ന് പറഞ്ഞു

*cIB board ഉടൻ സ്ഥാപിക്കും

*first Aid box ന്റെ കാര്യം പരിഗണിക്കുന്നതിനു വേണ്ടിയുള്ള നടപടി ആരംഭിച്ചതായി അറിയിച്ചു

* എസ്റ്റിമേറ്റ് അനുസരിച്ച് തൊഴിൽ ചെയ്തില്ലെങ്കിൽ recovery ഉണ്ടാകും എന്ന് ഓർമിപ്പിച്ചു

ശേഷം റിപ്പോർട്ട് പാസാക്കി. തുടർന്ന് ഓവർസിയർ ജാസ്മിൻ കൃതജ്ഞത പ്രസംഗം നടത്തി. ദേശീയ ഗാനാലാപനത്തോടുകൂടി 5 pm ന് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ അവസാനിച്ചു

തയ്യാറാക്കിയത് :

VRPs പൂവച്ചൽ ഗ്രാമപഞ്ചായത്ത്

Rejitha, Harishma Vijin Praveen